176 (1720) പ്രാഥമിക സഹകരണ ബാങ്കുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആയതിലേക്ക് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്യുന്നുണ്ടോ;

(ഡി) എങ്കിൽ എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2 കോടി രൂപയിൽ കുറയാതെ നിക്ഷേപം ബാക്കി നിൽപ്പുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് അനുമതി നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) പത്തുകോടിയിൽ കുറയാത്ത വാർഷിക ഇടപാടുകൾ നടത്തുന്ന എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കമ്പ്യൂട്ടർവൽക്കരണത്തിനായി ഒരു സംഘത്തിന് പരമാവധി 5.50 ലക്ഷം രൂപവരെ വായ്പ നൽകുന്നതിന് എൻ.സി.ഡി.സി-യിൽ നിന്നും സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സഹകരണ ബാങ്കും ഇതിലേക്കായി വായ്പ നൽകാൻ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിന്റേയും എൻ.സി.ഡി.സി. യുടേയും ധനസഹായത്തോടെ കമ്പ്യൂട്ടർവൽക്കരണം നടത്തുന്ന എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും പ്രോജക്ട് കോസ്റ്റിന്റെ 10 ശതമാനത്തിൽ അധികരിക്കാതെ 1:1 എന്ന അനുപാതത്തിൽ ഒരു സംഘത്തിന് പരമാവധി 50,000 രൂപവരെ ഷെയറും സബ്സിഡിയുമായി സംസ്ഥാന സർക്കാർ ധനസഹായം നൽകിവരുന്നു. 1998-99 സാമ്പത്തിക വർഷത്തിൽ എൻ.സി.ഡി.സി. വായ്പയിനത്തിൽ 26 പ്രാഥമിക കാർഷിക വായ്പാ ബാങ്കുകൾക്കായി ആകെ 135.41 ലക്ഷം രൂപ അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാർ ഓഹരി, സബ്സിഡി എന്നീ ഇനങ്ങളിലായി 10 പ്രാഥമിക കാർഷിക വായ്പാ ബാങ്കുകൾക്കായി 5 ലക്ഷം രൂപ 1998-99 വർഷത്തിൽ അനുവദിച്ചു. കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള എൻ.സി.ഡി.സി. പദ്ധതികളുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 339.99 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ, കമ്പ്യൂട്ടർവൽക്കരണത്തിനുൾപ്പെടെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം നൽകുന്നതിനായി 125 ലക്ഷം രൂപയും സബ്സിഡി നൽകുന്നതിനായി 24 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly